# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.03.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം . വോട്ടെടുപ്പിന് ഇനി 21 ദിവസം മാത്രം.

   Campaigning for the State Assembly elections has intensified. Only 21 days remain for polling.

2. നിരവധി പ്രമുഖ സ്ഥാനാർത്ഥികൾ ഇന്ന് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. സ്ഥാനാർത്ഥി പ്രഖ്യാപനം തുടർന്ന് രാഷ്ട്രീയ പാർട്ടികൾ.

   Several prominent candidates filed their nomination papers today. Political parties continue to announce candidates

3. ഗൾഫ് മേഖലയിലെ ഊർജ്ജ നിലയങ്ങൾക്ക് നേരെയുള്ള തുടർച്ചയായ ആക്രമണങ്ങളിൽ ആശങ്ക രേഖപ്പെടുത്തി ഇന്ത്യ.

   India said that recent attacks on energy installations across the Gulf region are deeply disturbing and risk further destabilising an already uncertain global energy scenario

4. രാജ്യത്ത് എൽപിജി ക്ഷാമമുണ്ടാകേണ്ട സാഹചര്യമില്ലെന്ന് പെട്രോളിയം മന്ത്രാലയം. പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഫെബ്രുവരി 28 മുതൽ 2.8 ലക്ഷത്തോളം യാത്രക്കാർ ഇന്ത്യയിലേക്ക് മടങ്ങിയെത്തിയതായി വിദേശകാര്യ മന്ത്രാലയം.

   The Petroleum Ministry stated that the situation regarding LPG is concerning, but there is no risk of a complete stockout in the country. In the backdrop of the West Asian conflict, the Ministry of External Affairs said that around 2.8 lakh passengers have returned to India since February 28.

5. രാജ്യത്തെ ഓഹരി വിപണികളിൽ വ ൻ ഇടിവ്. സെൻസെക്സ് 2,497 പോയിൻ‌റും നിഫ്റ്റി 776 പോയിൻ‌റും നഷ്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു.

**A sharp decline was witnessed in the country's stock markets. The Sensex fell by 2,497 points and the Nifty dropped by 776 points, ending the trading session in losses.**

****************************************************

## ELECTION

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പിന് ഇനി 21 ദിവസം മാത്രം. സ്ഥാനാർത്ഥി നിർണയം പൂർത്തിയാക്കിയ മണ്ഡലങ്ങളിൽ മുന്നണികൾ പ്രചാരണ പരിപാടികൾ ഊർജ്ജിതമാക്കി. സ്ഥാനാർത്ഥി പ്രഖ്യാപനവും സംസ്ഥാനത്ത് തുടരുകയാണ്. ബിജെപി ഇന്ന് 39 സ്ഥാനാർത്ഥികളുടെ രണ്ടാം ഘട്ട പട്ടിക പുറത്തിറക്കി. ആറന്മുളയിൽ കുമ്മനം രാജശേഖരനും, ഗുരുവായൂരിൽ ബി ഗോപാലകൃഷ്ണനും, നാട്ടികയിൽ സി.സി മുകുന്ദനും ജനവിധി തേടും. രണ്ടാം ഘട്ട പട്ടിക വൈകാതെ തന്നെ പ്രഖ്യാപിക്കാനുള്ള നീക്കങ്ങളുമായി കോൺഗ്രസ് നേതൃത്വം മുന്നോട്ട് പോവുകയാണ്. നാമനിർദേശ പത്രികാ സമർപ്പണവും സംസ്ഥാനത്ത് പുരോഗമിക്കുകയാണ്. മുതിർന്ന സിപിഐഎം നേതാവും മുഖ്യമന്ത്രിയുമായ പിണറായി വിജയൻ ധർമ്മടം നിയോജക മണ്ഡലത്തിൽ ഇന്ന് നാമനിർദ്ദേശപത്രിക സമർപ്പിച്ചു. തലശ്ശേരി ജില്ലാ രജിസ്ട്രാർ ഓഫീസിലാണ് അദ്ദേഹം പത്രിക സമർപ്പിച്ചത്. കൊല്ലത്ത് യുഡിഎഫ് സ്ഥാനാർഥി ബിന്ദു കൃഷ്ണ നാമനിർദ്ദേശപത്രിക നൽകി. ആനന്ദവല്ലീശ്വരം ക്ഷേത്ര മൈതാനത്തുനിന്നും പ്രവർത്തകരോടൊപ്പം പ്രകടനവുമായി എത്തിയാണ് പത്രിക സമർപ്പിച്ചത്. തൃശൂർ ജില്ലയിലെ മണലൂർ നിയോജക മണ്ഡലത്തിൽ യുഡിഎഫ് സ്ഥാനാർഥി ടി.എൻ പ്രതാപനും ഇന്ന് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു.നാമനിർദ്ദേശ പത്രികകൾ പൊതുഅവധി ദിവസങ്ങളിൽ സ്വീകരിക്കില്ലെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ അറിയിച്ചു.

ഏപ്രിൽ ഒൻപതിന് വോട്ടെടുപ്പ് നടക്കുന്ന കേരളം, പുതുച്ചേരി, അസം എന്നിവിടങ്ങളിൽ തിങ്കളാഴ്ച വരെയാണ് പത്രിക സമർപ്പിക്കാനുള്ള സമയപരിധി. 24 നാണ് സൂക്ഷ്മ പരിശോധന. 26 വരെ പത്രിക പിൻവലിക്കാം. വോട്ടെണ്ണൽ മെയ് നാലിന് നടക്കും.

************************************************

## HOME VOTING/ POSTAL

നിയമസഭാ തിരഞ്ഞെടുപ്പിൽ വീട്ടിൽ വോട്ടു ചെയ്യുന്നവർക്ക് അപേക്ഷ നൽകാനുള്ള സമയപരിധി നാളെ അവസാനിക്കും. തിരഞ്ഞെടുപ്പ് കമ്മിഷന്റെ പോർട്ടലിൽ നിന്നു ഡൗൺലോഡ് ചെയ്തെടുത്ത ഫോം 12 ഡി-യിൽ ബൂത്ത് ലവൽ ഓഫിസർ മുഖേനയോ നേരിട്ട് റിട്ടേണിങ്ങ് ഓഫീസർക്കോ അപേക്ഷ നൽകാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. 85 വയസ് പിന്നിട്ടവർക്കും 40 ശതമാനത്തിലേറെ ഭിന്ന ശേഷിയുള്ളവർക്കുമാണ് നിയമസഭാ തിരഞ്ഞെടുപ്പിൽ വീട്ടിൽ വോട്ടു ചെയ്യാനാവുക. അവശ്യസേവന വിഭാഗത്തിൽപ്പെട്ട വകുപ്പുകളിൽ നിന്ന് തെരഞ്ഞെടുപ്പ് ജോലിക്ക് നിയുക്തരായവർ തപാൽ വോട്ടിന് 21 വരെ അപേക്ഷിക്കണം. ഫോം പൂരിപ്പിച്ച് 21ന് മുമ്പായി റിട്ടേണിങ് ഓഫീസർക്ക് സമർപ്പിക്കണം. ഏപ്രിൽ 3, 4, 5 തീയതികളിൽ വോട്ടർ ഫെസിലിറ്റേഷൻ സെൻററുകളിൽ വോട്ട് രേഖപ്പെടുത്താം.

************************************************

## RANDOMIZATION PROCESS-IDUKKI (INTRO)

തിരഞ്ഞെടുപ്പിനായി വോട്ടിങ്ങ് യന്ത്രങ്ങൾ അനുവദിക്കുന്നതിനുള്ള ഒന്നാംഘട്ട റാൻഡമൈസേഷൻ പ്രക്രിയ വിവിധ ജില്ലകളിൽ പൂർത്തിയായി. ആദ്യഘട്ട പരിശോധനകൾ വിജയകരമായി പൂർത്തിയാക്കിയ , ബാലറ്റ് യൂണിറ്റുകൾ , കൺട്രോൾ യൂണിറ്റുകൾ , വിവിപാറ്റുകൾ എന്നിവയാണ് റാൻഡമൈസേഷനിലൂടെ

മണ്ഡലാടിസ്ഥാനത്തിൽ തരംതിരിച്ചത്. ഇടുക്കിയിൽ നിന്നുള്ള **വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

(വോയ്സ്)

****************************************************

## MEA- BRIEFING

ഗൾഫ് മേഖലയിലെ ഊർജ്ജ നിലയങ്ങൾക്ക് നേരെയുള്ള തുടർച്ചയായ ആക്രമണങ്ങളിൽ ആശങ്ക രേഖപ്പെടുത്തി ഇന്ത്യ. നിലവിൽ അസ്ഥിരമായി തുടരുന്ന ആഗോള ഊർജ്ജ വിപണിയെ ഇത് കൂടുതൽ പ്രതിസന്ധിയിലാക്കുമെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഊർജ്ജ നിലയങ്ങൾക്ക് നേരെയുള്ള ആക്രമണങ്ങൾ അംഗീകരിക്കാനാവില്ലെന്നും അവ ഉടനടി അവസാനിപ്പിക്കണമെന്നും ഇന്ത്യ ആവശ്യപ്പെട്ടു. രാജ്യത്തെ പാചകവാതക ലഭ്യത സർക്കാർ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണ് എന്നും ഗാർഹിക ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ ഗ്യാസ് ലഭ്യമാക്കുന്നതിന് സർക്കാർ പ്രഥമ പരിഗണന നൽകുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ഊർജ്ജ സ്രോതസ്സുകൾ വൈവിധ്യവത്കരിക്കുന്നതിനായും നടപടികൾ സ്വീകരിക്കും. ഊർജ്ജ പ്രതിസന്ധി മറികടക്കാൻ ബംഗ്ലാദേശ്, ശ്രീലങ്ക, മാലിദ്വീവ് എന്നീ അയൽരാജ്യങ്ങൾ ഇന്ത്യയുടെ സഹായം തേടിയിട്ടുണ്ടെന്നും വിദേശകാര്യ വക്താവ് അറിയിച്ചു.

****************************************************

## RAJESH KUMAR SINHA (INTRO)

ഹോർമുസ് കടലിടുക്കിൽ ഉൾപ്പെടെ പേർഷ്യൻ ഗൾഫിൽ സ്ഥിതി ചെയ്യുന്ന എല്ലാ ഇന്ത്യൻ കപ്പലുകളും സുരക്ഷിതമാണെന്നും, കപ്പലുകൾക്ക് അപകടങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും തുറമുഖ, ഷിപ്പിംഗ് മന്ത്രാലയം സ്പെഷ്യൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ. ഏകോപിത ശ്രമങ്ങളിലൂടെ കഴിഞ്ഞ 24 മണിക്കൂറിനിടെ 16 ഇന്ത്യൻ കപ്പലുകൾ മടങ്ങിയെത്തിയതായി അദ്ദേഹം ന്യൂഡൽഹിയിൽ അന്തർമന്ത്രാലയ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കേരളം, ആന്ധ്രാപ്രദേശ്, പുതുച്ചേരി എന്നിവിടങ്ങളിലെ, തുറമുഖങ്ങളുമായും മാരിടൈം ബോർഡുകളുമായുമുള്ള ഏകോപനം മന്ത്രാലയം ശക്തമാക്കിയതായും, ചരക്ക് നീക്കത്തെ പിന്തുണയ്ക്കുന്നതിനായി തുറമുഖങ്ങൾക്ക് 50 ശതമാനം വരെ ഇളവുകൾ അനുവദിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)(വോയ്സ്)

*****************************************************

## REV. WEST ASIA BRIEF

രാജ്യത്തുടനീളം ഗതാഗത ആവശ്യങ്ങൾക്കായി 100 ശതമാനം ആഭ്യന്തര PNG, CNG വിതരണം ഉറപ്പാക്കിയതായി കേന്ദ്ര പെട്രോളിയം പ്രകൃതിവാതക മന്ത്രാലയം. ആഭ്യന്തര-വാണിജ്യ ആവശ്യങ്ങൾക്കായി 1.25 ലക്ഷം പുതിയ കണക്ഷനുകൾ രണ്ടാഴ്ചയ്ക്കുള്ളിൽ നൽകിയതായി മന്ത്രാലയം ജോയിൻറ് സെക്രട്ടറി സുജാത ശർമ്മ അന്തർ മന്ത്രാലയ വാർത്താസമ്മേളനത്തിൽ അറിയിച്ചു. യുദ്ധ സാഹചര്യം എൽപിജിയുടെ കാര്യത്തിൽ നേരിയ ആശങ്കയുണ്ടാക്കുന്നുണ്ടെങ്കിലും, ക്ഷാമമുണ്ടാകേണ്ട സാഹചര്യമില്ല. ഓൺലൈൻ ബുക്കിംഗ് 94 ശതമാനമായി ഉയർന്നിട്ടുണ്ട്. പൂഴ്ത്തിവെപ്പും കരിഞ്ചന്തയും തടയാൻ സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ശ്രീമതി സുജാത ശർമ്മ വ്യക്തമാക്കി.

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഫെബ്രുവരി 28 മുതൽ ഏകദേശം 2.8 ലക്ഷം യാത്രക്കാർ മേഖലയിൽ നിന്ന് ഇന്ത്യയിൽ മടങ്ങിയെത്തിയതായി വിദേശകാര്യ മന്ത്രാലയം ജോയിന്റ് സെക്രട്ടറി അസീം മഹാജൻ പറഞ്ഞു. വിമാന സർവീസുകൾക്ക് നിയന്ത്രണമുള്ള രാജ്യങ്ങളിൽ നിന്ന് സൗദി അറേബ്യ വഴി യാത്രക്കാരെ എത്തിക്കാൻ സൗകര്യമൊരുക്കുന്നുണ്ടെന്നും ഇറാഖിൽ കുടുങ്ങിയ ഇന്ത്യക്കാരായ 15 കപ്പൽ ജീവനക്കാർ ഉടൻ തിരികെയെത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

*************************************************

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും....

(ബ്രേക്ക്)

*************************************************

## PM- OMAN MALAYSIA

പശ്ചിമേഷ്യൻ സാഹചര്യം സംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവേൽ മാക്രോൺ, ഒമാൻ സുൽത്താൻ ഹൈതം ബിൻ താരിഖ് എന്നിവരുമായി സംഭാഷണം നടത്തി. മേഖലയിൽ സമാധാനം പുനസ്ഥാപിക്കണമെന്നും, നയതന്ത്ര മാർഗ്ഗങ്ങളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നുമുള്ള നിലപാടാണ് നേതാക്കൾ പങ്കുവച്ചത്. ഇന്ത്യൻ പൗരന്മാരടക്കം ആയിരങ്ങളെ മേഖലയിൽ നിന്നും സുരക്ഷിതമായി മടക്കി അയക്കുന്നതിൽ ഒമാൻ നടത്തുന്ന ശ്രമങ്ങളെ പ്രധാനമന്ത്രി പ്രകീർത്തിച്ചു. മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായും ശ്രീ മോദി ചർച്ച നടത്തി. പശ്ചിമേഷ്യൻ സ്ഥിതിഗതികളിൽ ആശങ്ക

പങ്കുവച്ച ഇരുവരും, സംഘർഷം ലഘൂകരിക്കുന്നതിലെ പ്രതിബദ്ധതയും വ്യക്തമാക്കി.

************************************************

## US-IRAN-QATAR-TENSIONS

പശ്ചിമേഷ്യൻ സംഘർഷം അതിരൂക്ഷം. ഖത്തറിലെ ഊർജ്ജ പദ്ധതികൾക്ക് നേരെയുള്ള ആക്രമണം ഇറാൻ അവസാനിപ്പിച്ചില്ലെങ്കിൽ ശക്തമായ തിരിച്ചടിയുണ്ടാകുമെന്ന് അമേരിക്ക മുന്നറിയിപ്പ് നൽകി. ഇറാൻറെ സൗത്ത് പാർസ് ഗ്യാസ് ഫീൽഡിന് നേരെ ഇസ്രയേൽ ആക്രമണം ഇനി ഉണ്ടാകില്ലെന്നും യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് പറഞ്ഞു. ഖത്തറിലെ റാസ് ലഫാൻ ഇൻഡസ്ട്രിയൽ സിറ്റിയ്ക്ക് നേരെ ഇറാൻ നടത്തിയ ആക്രമണത്തിൽ കനത്ത നാശനഷ്ടങ്ങളാണ് ഉണ്ടായത്. ആക്രമണം പരാമാധികാരത്തോടുള്ള വെല്ലുവിളിയാണെന്നും, ഇറാനിയൻ സൈനിക അറ്റാഷെമാർ ദോഹ വിടണമെന്നും ഖത്തർ നിർദ്ദേശം നൽകി.

************************************************

## QATAR LETTER-UN

ഗൾഫ് മേഖലയിൽ ഇറാൻ നടത്തുന്ന ആക്രമണത്തിൽ ആശങ്ക പ്രകടിപ്പിച്ച് ഖത്തർ, ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസിനും, രക്ഷാ സമിതി പ്രസിഡന്റ് മൈക്കൽ വാൾട്ട്സിനും കത്തയച്ചു. ഊർജ്ജ സംവിധാനങ്ങൾക്ക് നേരെ ശക്തമായ ആക്രമണം ഉണ്ടായതിൻറെ പശ്ചാത്തലത്തിലാണ് നടപടി.

************************************************

## EID

സംസ്ഥാനത്ത് നാളെ ചെറിയ പെരുനാൾ. മാസപ്പിറ കണ്ടതായി വിവിധ ഖാസിമാർ അറിയിച്ചു. ഈദുൽ ഫിത്തർ പ്രമാണിച്ച് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ലോകമെമ്പാടും ഉള്ള കേരളീയർക്ക് ആശംസകൾ നേർന്നു.

***************************************

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ വൻ ഇടിവ്. സെൻസെക്സ് 2,497 പോയിൻറ് താഴ്ന്ന് 74,207 ലും നിഫ്റ്റി 776 പോയിന്റ് നഷ്ടത്തിൽ 23 ആയിരത്തി രണ്ടിലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവിലയിലും വൻ ഇടിവ്. പവന് 5,240 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി പതിനായിരത്തി 200 രൂപയും ഗ്രാമിന് 13 ആയിരത്തി 775 രൂപയുമാണ് ഇന്നത്തെ വില.

*******************************************************************************************

**************************